## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1050. 01.03.2017 ന് മറുപടിയ്ക്ക്

## ജനകീയ ബോധവത്ക്കരണ പദ്ധതിയായ വിമുക്തി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എസ്.ശർമ്മ<br>,, എ. പ്രദീപ്കുമാർ<br>,, സി.കൃഷ്ണൻ<br>,, കെ. കെ. രാമചന്ദ്രൻ നായർ : | | ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് മദ്യത്തിനും ലഹരിക്കുമെതിരായ ജനകീയ ബോധവത്ക്കരണ പദ്ധതിയായ വിമുക്തി നടപ്പിലാക്കിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ലഹരി വിമുക്ത കേന്ദ്രങ്ങളെ ഒരു കുടക്കീഴിൽ കൊണ്ടുവരാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) | കേരള സംസ്ഥാന ലഹരി വർജ്ജനമിഷൻ-വിമുക്തിയുടെ ഭാഗമായി എല്ലാ ജില്ലാ ആശുപത്രികളോടനുബന്ധിച്ചും (ആരോഗ്യ വകുപ്പുമായി സഹകരിച്ച്) ഡീ-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ സംസ്ഥാനത്ത് എക്സൈസ് വകുപ്പിന് കീഴിൽ ആധുനിക സൗകര്യങ്ങളടങ്ങിയ ഡീ-അഡിക്ഷൻ സെന്റർ രൂപീകരിക്കുന്നതിനുള്ള നടപടിയും പുരോഗമിക്കുന്നു. |
| (സി) | വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരം കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ലഹരി മാഫിയാ സംഘങ്ങളെ നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (സി) | വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരത്തെ ലഹരി മാഫിയ സംഘങ്ങളെ നിർമ്മാർജ്ജനം ചെയ്യുന്നതിന് കർശനമായ എൻഫോഴ്സ്മെന്റ് നടപടികൾ സ്വീകരിക്കുന്നു. ലഹരി മാഫിയകളെക്കുറിച്ച് വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും പേരോ മറ്റു വിവരങ്ങളോ വെളിപ്പെടുത്താതെ അധികൃതരെ |

| | | | |
|---|---|---|---|
| | | | അറിയിക്കുന്നതിന് പരാതിപ്പെട്ടികൾ സ്ഥാപിച്ചിട്ടുണ്ട്. ലഹരിക്കെതിരെ വിദ്യാർത്ഥികൾ, യുവജനങ്ങൾ, പൊതുജനങ്ങൾ എന്നിവരെ ബോധവത്ക്കരിക്കു ന്നതിന് വേണ്ടി ശക്തമായ പ്രചാരണ പരിപാടികൾ നടത്തി വരുന്നു. ലഹരിക്കെതിരെ പ്രവർത്തിക്കു ന്നതിന് 2542 സ്കൂൾ - കോളേജ് ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ചു പ്രവർത്തിച്ചു വരുന്നുണ്ട്. കൂടാതെ സ്കൂൾ പരിസരങ്ങളിൽ നിരന്തരമായ പട്രോളിംഗും റെയിഡുകളും ലഹരിക്കെതിരെ നടത്തി വരുന്നുണ്ട്. ഇക്കാര്യത്തിൽ വകുപ്പ് നിതാന്തജാഗ്രത പുലർത്തുന്നുണ്ട്. |
| (ഡി) | മദ്യത്തിനും മയക്കമരുന്നിനു മെതിരായ ബോധവൽക്കരണവും നിയമനടപടികളും കാര്യക്ഷമ മാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ? | (ഡി) | മദ്യത്തിനും മയക്കമരുന്നിനുമെതിരെയുള്ള ബോധ വത്ക്കരണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്നതിന് കേരള സംസ്ഥാന ലഹരിവർജ്ജന മിഷൻ 'വിമുക്തി' എന്ന പദ്ധതി രൂപീകരിച്ചിട്ടുണ്ട്. അബ്കാരി നിയമം, കോട്പ ആക്റ്റ്, എൻ.ഡി.പി. എസ്. ആക്ട്, എം.&റ്റി.പി, ആക്റ്റ് & റൂൾസും പ്രകാരം മദ്യത്തിനും മയക്കമരുന്നിനുമെതിരെ നടപടികൾ സ്വീകരിക്കുന്നുണ്ട്. വർദ്ധിച്ചുവരുന്ന മയക്കമരുന്നുപയോഗത്തിനെതിരെ നടപടികൾ സ്വീകരിക്കുന്നതിന് കേന്ദ്ര നിയമമായ എൻ.ഡി. പി.എസ് ആക്റ്റിൽ കുറഞ്ഞ അളവ് പുനർ നിർണ്ണയിക്കുന്നതിനുള്ള നടപടികൾക്കായി ശുപാർശ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ